**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37** **28-01-2026 - ൽ മറുപടിയ്ക്ക്**

**വനിതാ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വനിതാ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനത്താദ്യമായി വനിതാ വ്യവസായ പാർക്കുകൾ പ്രാവർത്തികമാക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്താദ്യമായി വനിതാ സംരംഭകർ ചേർന്നുള്ള പാർട്ണർഷിപ്പ് സ്ഥാപനമായ Legacy Industrial Park എന്ന പേരിൽ STANDARD DESIGN FACTORY സ്ഥാപിക്കുന്നതിനായി സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള Developer പെർമിറ്റ് 06-11-2025 ലെ G.O.(Rt) No.1397/2025/ID സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട് . |
| (ബി) | വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന തിനായി വ്യവസായ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആയതിൽ വനിതകൾക്ക് മുൻഗണനയും പ്രാധാന്യവും, നൽകുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. സംരംഭക സഹായ പദ്ധതി(ESS)**<br><br>വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പി ക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 30 ലക്ഷം രൂപ വരെ സഹായമായി നൽകുന്നു. സ്ത്രീകൾ, യുവജനങ്ങൾ SC/ST പ്രവാസി മലയാളികൾ എന്നിവരിൽപ്പെട്ട സംരംഭകർ സ്ഥാപിക്കുന്ന എല്ലാത്തരം സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 25% സഹായം പരമാവധി 40 ലക്ഷം രൂപയിൽ നിജപ്പെടുത്തി നൽകുന്നു. |

മുൻഗണനാ വിഭാഗത്തിൽ പെടുന്ന സംരംഭങ്ങൾക്കും പിന്നോക്ക ജില്ലകളിൽ നിന്നുള്ള സംരംഭകർക്കും 10% വീതം അധിക ആനുകൂല്യവും ലഭിക്കുന്നു

**2. ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

ഉല്പാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പക്കു പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി നൽകുന്നു. 01.04.2022 നു ശേഷം ആരംഭിച്ച ഉല്പാദന, സേവന, വ്യാപാര മേഖലയിലെ യൂണിറ്റുകൾക്കാണ് പദ്ധതി പ്രകാരം പലിശയിളവ് ആനുകൂല്യം ലഭ്യമാകുന്നത്. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷം വരെ പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. 6 മാസം /12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ് അപേക്ഷകന് ഓരോ തവണയും അപേക്ഷിക്കുവാൻ കഴിയുക. അപേക്ഷ സമർപ്പിക്കുന്ന സമയത്തു യൂണിറ്റ് പ്രവർത്തന നിരതമായിരിക്കണം. പദ്ധതിയുടെ ഗുണഭോക്താ ക്കളിൽ 50% വനിതകൾ ആകാവുന്നതാണ്.

**3. നാനോ/ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി**

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണിഗ്രാന്റ് നൽകിക്കൊണ്ട് അർഹരായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിരമൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹത ഉണ്ട്. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരാണ്. ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആണ്. എസ്.സി/ എസ്.ടി/വനിതകൾ/ വിമുക്ത ഭടന്മാർ 40 വയസ്സുവരെയുള്ള യുവ സംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ

പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആണ്. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

വനിത സംരംഭകരുടെ എണ്ണത്തിൽ സാരമായ വർദ്ധനവ് ഉണ്ടാക്കാനും കൂടുതൽ വനിതകളെ സംരംഭകരാക്കി മാറ്റാനും മേൽ പദ്ധതികൾ മുഖേന സാധിച്ചിട്ടുണ്ട്. ഇന്ന് കൂടുതൽ കൂടുതൽ സ്ത്രീകൾ വിവിധ സാമ്പത്തിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ മുന്നോട്ട് വരുന്നുണ്ട്. ഏതൊരു രാജ്യത്തും സാമ്പത്തിക വികസന പ്രക്രിയയിൽ സ്ത്രീ സംരംഭകരും അത്യന്താപേക്ഷിതമാണ്. മൊത്തം ജനസംഖ്യയുടെ ഏകദേശം 50 ശതമാനമാണ് സ്ത്രീകളുള്ളത്. രാഷ്ട്ര നിർമ്മാണ ത്തിൽ പങ്കാളികളാകുന്നതിന് അവരുടെ സംഭാവന നിർണ്ണായകമാണ്. ഡിജിറ്റലൈസേ ഷൻ, ആഗോളവൽക്കരണം, സ്റ്റാർട്ടപ്പ് കുതിച്ചുചാട്ടം എന്നിവയുടെ ഈ കാലഘട്ടത്തിൽ, സ്ത്രീ സംരംഭകത്വത്തിൽ ഇന്ത്യയ്ക്ക് തിളക്കമാർന്ന സാധ്യതകളുണ്ട്. സംരംഭകത്വ യാത്രയിൽ ആശയ വിനിമയം, നെറ്റ് വർക്കിംഗ്, സംഘടനാ കഴിവുകൾ എന്നിവയ്ക്ക് സ്ത്രീകൾ വളരെയധികം പ്രാധാന്യം നൽകുന്നു. കൂടാതെ, ജീവിതത്തിൽ ഒരു ജോലി സന്തുലിതാവസ്ഥ നിലനിർത്തുന്നതിലും അവർ മുന്നിലാണ്. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 59 ഓളം വനിതാ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. അവരുടെ സംരംഭങ്ങളെല്ലാം തന്നെ വിജയകമായി പ്രവർത്തിച്ചു വരുന്നു.

വനിതകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ള ചെറുകിട, ഇടത്തരം സ്ത്രീ സംരംഭകർക്കായി KSIDC ആവിഷ്കരിച്ച വി-മിഷൻ പദ്ധതി പ്രകാരം മിനിമം 10 ലക്ഷം രൂപ വാർഷിക വരുമാനമുള്ളതും 51% ത്തിൽ കുറയാത്ത ഓഹരിയുള്ള വനിതാ സംരംഭകർക്ക് പരമാവധി 50 ലക്ഷം രൂപ വരെ നിബന്ധനകൾക്ക് വിധേയമായി ലോൺ നൽകി വരുന്നു. നിലവിൽ 7.5% പലിശനിരക്കിൽ ആറ് വർഷത്തേക്കാണ് പ്രസ്തുത വായ്പ നൽകുന്നത്.

സംസ്ഥാനത്തെ വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി, സംസ്ഥാനം വാഗ്ദാനം

| | | | |
|---|---|---|---|
| | | | ചെയ്യുന്ന നിലവിലെ സംരംഭക സൗഹൃദ അന്തരീക്ഷത്തെയും നയങ്ങളെയും കേന്ദ്രീകരിച്ച് 2023 മാർച്ച് 08 ന് അന്താരാഷ്ട്ര വനിതാ ദിനത്തിൽ തിരുവനന്തപുരത്ത് വനിതാ സംരംഭക സംഗമം സംഘടിപ്പിച്ചു.<br><br>വനിതാ സംരംഭകർ നേരിടുന്ന വെല്ലുവിളികൾ മറികടക്കാൻ സഹായിക്കുക, ജോലിയും ജീവിതവും തമ്മിലുള്ള സന്തുലിതാവസ്ഥ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പ്രോഗ്രാം സംഘടിപ്പിച്ചത്.സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 500-ലധികം വനിതാ സംരംഭകർ സംരംഭക സംഗമത്തിൽ പങ്കെടുത്തു.<br><br>സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് തൃശ്ശൂരിൽ 2025 October 13 ന "കേരള വുമൺ എന്റർപ്രണേഴ്സ് കോൺക്ലേവ് 2025" സംഘടിപ്പിച്ചു.വിവിധ ജില്ലകളിൽ നിന്നായി 1200-ഓളം വനിതാ സംരംഭകർ പങ്കെടുത്ത കോൺക്ലേവിൽ, ഒരു സംരംഭം തുടങ്ങാൻ ആവശ്യമായ എല്ലാ സഹായങ്ങളും ഒരിടത്ത് ലഭിക്കുന്ന ഏകജാലക സംവിധാനമാണ് (Single Window System) ഏറ്റവും വലിയ ആകർഷണമായത്. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, UDYAM, KSWIFT, GST തുടങ്ങിയ സർക്കാർ ഹെൽപ് ഡെസ്കുകൾ, ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവയുമായി നേരിട്ട് ബന്ധപ്പെടാനുള്ള സംവിധാനം സംരംഭകർക്ക് ഏറെ പ്രയോജനപ്പെട്ടു.<br><br>നിലവിലുള്ള സംരംഭക പ്രോത്സാഹന പദ്ധതികളിൽ എല്ലാം തന്നെ സ്ത്രീ സംരംഭകരുടെ വർദ്ധിച്ച പങ്കാളിത്തം രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ സംരംഭകരിൽ 40% സ്ത്രീകളാണ്. ഈ സാഹചര്യം കൂടി പരിഗണിച്ച്കൊണ്ട് സ്ത്രീകൾക്ക് മാത്രമായുള്ള വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | വനിതാ സംരംഭകർക്ക് അനുയോജ്യമായ രീതിയിൽ വ്യവസായ പാർക്കുകളുടെ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | വനിതാ സംരംഭകർക്ക് അനുയോജ്യമായ രീതിയിൽ വ്യവസായ പാർക്കുകളുടെ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുന്നത് നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ